(ബി) & (സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 50,000 രൂപ (അമ്പതിനായിരം രൂപ) മരണപ്പെട്ട അശോകന്റെ അടുത്ത ബന്ധുക്കൾക്ക് സാമ്പത്തിക സഹായമായി 20-5-2005-ന് നൽകിയിട്ടുണ്ട്.

വിജിലൻസ് കേസുകൾ

113 [1667] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിജിലൻസ് വകുപ്പ് സർക്കാർ ഓഫീസുകളിൽ നടത്തിയ പരിശോധനയുടെ ഫലമായി എത്ര അഴിമതി കേസുകൾ കഴിഞ്ഞ ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) അഴിമതി നടത്തിയതിന് വിജിലൻസ് പിടികൂടിയ ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥരെ കേസ് തീരുന്നതിന് മുൻപ് സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര പേരെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചുവെന്നും, അതിനുള്ള കാരണം എന്താണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 18 വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അന്വേഷണം നടന്നുവരുന്നു.

(സി) & (ഡി) ഉണ്ട്. വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതിന്റെ പേരിൽ സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചിട്ടുണ്ട്.

വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷണം

114 [1670] *ശ്രീ. എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ പഞ്ചായത്ത് ഭരണസമിതിയുടെ ഭരണകാലത്ത് ആഡിറ്റ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളെക്കുറിച്ച്, ആലപ്പുഴ വിജിലൻസ് വിഭാഗം നടത്തുന്ന അന്വേഷണം മൂന്ന് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ;

(ബി) ഈ കേസിന്റെ അന്വേഷണം എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly.

ഉത്തരം

(എ) പ്രസ്തുത വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ധാരാളം സാക്ഷികളെ നേരിൽകണ്ട് മൊഴി രേഖപ്പെടുത്തേണ്ടതിനാലും ധാരാളം റെക്കാർഡുകൾ കണ്ടെടുത്ത് സൂക്ഷ്മമായി പരിശോധിക്കേണ്ടതിനാലും ആരോപണങ്ങളുടെ എണ്ണം കൂടുതലായതിനാലും സ്വാഭാവികമായ കാലതാമസമാണ് ഉണ്ടായിട്ടുള്ളത്.

(ബി) വിജിലൻസ് അന്വേഷണം പുരോഗമിച്ചുവരുന്നു. അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന് വിജിലൻസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ആരാധനാലയങ്ങളിലെ സംഘർഷം ഒഴിവാക്കാൻ നടപടി

115 [1671] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രിസ്ത്യൻ പള്ളികളിലെ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിശദാംശങ്ങൾ പറയാമോ;

(ബി) ഇവയിൽ എത്ര സംഭവങ്ങളിൽ പോലീസ് ലാത്തിച്ചാർജ് നടത്തിയിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും പറയാമോ;

(സി) ഭാവിയിൽ ആരാധനാലയങ്ങളിലെ സംഘർഷം ഒഴിവാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്രിസ്ത്യൻ പള്ളികളിലെ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കോട്ടയം ജില്ലയിൽ പാമ്പാടി പി. എസ്. ക്രൈം നമ്പർ 155/05. ആലുവ തൃക്കുന്നത്തു സെമിനാരിയിൽ നിലനിൽക്കുന്ന സഭാ തർക്കത്തിൽ പ്രതിഷേധിച്ച് 5-7-2005-ൽ കോട്ടയം ജില്ലയിൽ വെള്ളൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിലേക്ക് സെന്റ് തോമസ് യാക്കോബായ പള്ളിയിലെ അംഗങ്ങൾ ജാഥ നടത്തുകയും തുടർന്നുണ്ടായ കല്ലേറിൽ 1500 രൂപയുടെ നഷ്ടം സംഭവിക്കുകയും ടി കേസിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ലാത്തതും കേസ് അന്വേഷണാവസ്ഥയിലുമാണ്.

എറണാകുളം റൂറൽ ജില്ലയിൽ ആലുവ പി. എസ്.---5 കേസുകൾ

GPM. 2/542/2012.—20

LIBRARY ARCHIVES Kerala Legislative Assembly